"ഭരണഭാഷ മാതൃഭാഷ"

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**
**(ഹാജർ:ഡോ.നവജ്യോത് ഖോസ ഐ.എ.എസ്)**

കെ 3/200744/19 തീയതി : 23.04.2022

=================================================

വിഷയം : പൊന്നുംവില - തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം വില്ലേജിൽ ശ്രീ പരശുരാമ സ്വാമി ക്ഷേത്ര വികസനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ- സാമൂഹ്യ പ്രത്യാഘാത പഠനം- വിദഗ്ധ സമിതി ശുപാർശകൾ അംഗീകരിച്ചുകൊണ്ട് 2013 ലെ RFCTLARR ആക്റ്റിലെ വകുപ്പ് 8(2) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകി സമുചിത സർക്കാർ ഉത്തരവാകുന്നത് - സംബന്ധിച്ച്-

സൂചന : 1. 29.06.2016-ലെ ജി.ഒ(പി)376/2016/ആർഡി നമ്പർ സർക്കാർ ഉത്തരവ്.

2. വിദഗ്ധ സമിതിയുടെ 04 .04 .2022 ലെ റിപ്പോർട്ട്.

- - - - - - - - - - - - - - - - - - - - - - - - - - - - - - - -

തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം വില്ലേജിൽ ശ്രീ പരശുരാമ സ്വാമി ക്ഷേത്ര വികസനവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികളുടെ ഭാഗമായി ഭൂമിഏറ്റെടുക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അർത്ഥന സമർപ്പിച്ചിരുന്നു. തുടർന്ന് സാമൂഹിക ആഘാത പഠനം നടത്തുന്നതിന് ജില്ലാതല എസ്.ഐ.എ ഏജൻസിയായ പ്ലാനറ്റ് കേരളയെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് SIA യൂണിറ്റ് സമർപ്പിച്ച The Right to Fair Compensation and Transparency in Land Acquisiton, Rehabilitation and Resettlement Act, 2013 അധ്യായം 2 എ പ്രകാരമുള്ള സാമൂഹിക ആഘാതപഠന റിപ്പോർട്ട് ടി നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം വിദഗ്ധ സമിതി വിലയിരുത്തി 6-ാം ഉപവകുപ്പ് അനുശാസിക്കും വിധം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 200 ആർ വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളിൽ സമുചിത സർക്കാർ ആയി ജില്ലാകളക്ടറെ സൂചന (1) പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമൂഹിക ആഘാത റിപ്പോർട്ടും വിദഗ്ധ സമിതിയുടെ വിലയിരുത്തലും ടി നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം വിശദമായി പരിശോധിച്ചതിൽ നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യത്തിന് ഉൾപ്പെട്ടുവരുന്നതാണെന്നും ക്ഷേത്രവുമായി അതിർത്തി പങ്കിടുന്നതും , ഏറ്റവും അനുയോജ്യവും, ചുരുങ്ങിയ അളവിലുള്ളതുമായ ഭൂമി മാത്രമാണ് ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും ഭൂമി ഏറ്റെടുക്കൽ മൂലം കേവലം 6

സ്വകാര്യവ്യക്തികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെ അപേക്ഷിച്ച് ഭക്തജനങ്ങളായ പൊതുജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ വളരെ വലുതാണെന്നും ബോദ്ധ്യമായിരിക്കുന്നു.

പ്രസ്തുത ഭൂമി പദ്ധതിക്ക് അനുയോജ്യമായതിനാലും മറ്റ് ബദൽ മാർഗ്ഗങ്ങൾ പ്രായോഗികമല്ലാത്തതിനാലും പദ്ധതി യാഥാർത്ഥ്യമാകുന്നതിലൂടെ പിതൃതർപ്പണത്തിനും മറ്റ് പൂജാദികർമ്മങ്ങൾക്കും എത്തിച്ചേരുന്ന ഭക്തജനങ്ങൾക്കും പൊതുസമൂഹത്തിനും, നാടിന് പൊതുവായും വികസനം കൈവരിക്കാൻ സാധിക്കുമെന്നതിനാലും, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അർത്ഥന പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന ഏകദേശം 66.60 ആർ ഭൂമി , പദ്ധതിക്കാവശ്യമായ ചുരുങ്ങിയ വിസ്തീർണ്ണം മാത്രമാണെന്നതിനാലും ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുസരിച്ചുള്ള തുടർ നടപടികൾക്ക് വകുപ്പ് 8(2) പ്രകാരം അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

ജില്ലാ കളക്ടർ

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, (ആമുഖ കത്ത് സഹിതം).
2. ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ എൽ.എ യൂണിറ്റ്, തിരുവനന്തപുരം (നിയമം അനുശാസിക്കുന്ന സ്ഥലങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.)
4. എൻ.ഐ.സി.ഓഫീസർക്ക് – സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നത്
5. കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)

ജില്ലാകളക്ടർക്കുവേണ്ടി